പതിമൂന്നാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 995

12.6.2014 ലെ മറുപടിക്ക്

## അദ്ധ്യാപക പാക്കേജ്

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | ഉത്തരം<br>ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പൊതുമേഖലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്കായി അദ്ധ്യാപക പാക്കേജ് എന്നാണ് നിലവിൽ വന്നത്; അദ്ധ്യാപക പാക്കേജ് പ്രഖ്യാപിക്കാനുള്ള കാരണം വ്യക്തമാക്കുമോ; അദ്ധ്യാപക പാക്കേജ് എന്നു മുതലാണ് നടപ്പാക്കിവരുന്നത്; അദ്ധ്യാപക പാക്കേജുമൂലം പ്രയോജനം ലഭിക്കുന്നുണ്ടോ എന്നത് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ നിയമനം ലഭിക്കുകയും, വിവിധ കാരണങ്ങളാൽ നിയമാനംഗീകാരവും, ശമ്പളവുമില്ലാതെ തുടർന്നിരുന്ന അദ്ധ്യാപകർക്ക് നിയമനാംഗീകാരവും ശമ്പളവും 01.06.2011 മുതൽ നൽകുന്നതിനും കുട്ടികളുടെ കുറവ് മൂലം സർവ്വീസിൽ നിന്നും പുറത്തുപോയ അദ്ധ്യാപകർക്ക് പുനർനിയമനം നൽകുകയും ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടിയാണ് അദ്ധ്യാപക പാക്കേജ് പ്രഖ്യാപിച്ചത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന്റെ ഭാഗമായി പ്രശ്നരഹിതമായ അദ്ധ്യാപകസമൂഹം അത്യാവശ്യ ഘടകമാണെന്നതിന്റെ അടിസ്ഥാനത്തിലും എയ്ഡഡ് സ്കൂൾ നിയമനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും പാക്കേജ് ലക്ഷ്യമിട്ടിരുന്നു. അദ്ധ്യാപക പാക്കേജ് മൂലം ശമ്പളമില്ലാതെ ജോലിയിലിരുന്ന 3361 അദ്ധ്യാപകർക്കും റിട്രൈഞ്ച്ഡ് ആയ 1462 അദ്ധ്യാപർക്കും പ്രയോജനം ലഭിച്ചിട്ടുണ്ട് |
| (ബി) | അദ്ധ്യാപക പാക്കേജ് നടപ്പാക്കുമ്പോൾ ഇത് നടപ്പിലാക്കുന്ന തീയതിക്കുശേഷമുണ്ടാകുന്ന ദീർഘകാല അവധി ഒഴിവുകളിൽ നിയമിക്കപ്പെടുന്നവർക്ക് ദിവസവേതനാടിസ്ഥാനത്തിൽ ശമ്പളം നൽകിയാൽ മതി എന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടോ; | (ബി) | 1.10.2011 ലെ സ.ഉ.199/11/പൊവിവ ഉത്തരവിന്റെ ഖണ്ഡിക 6 B(X), 6 C (ii) എന്നിവ പ്രകാരം അവധി ഒഴിവിൽ അദ്ധ്യാപകബാങ്കിൽ നിന്നും മാത്രമേ നിയമനം നടത്തുവാൻ പാടുള്ളൂ. കൂടാതെ 25.10.2011 ലെ 60930/ജെ2/11/പൊവിവ എന്ന വിശദീകരണം പ്രകാരം 1.10.2011 ന് ശേഷമുള്ള അവധി ഒഴിവുകളിൽ അദ്ധ്യാപകബാങ്കിൽ |

| | | | |
|---|---|---|---|
| | | | അദ്ധ്യാപകർ ലഭ്യമല്ലെങ്കിൽ പ്രസ്തുത നിയമനം ദിവസവേതനാടിസ്ഥാനത്തിലായിരിക്കണമെന്ന് വ്യക്തമാക്കിയിരുന്നു. |
| (സി) | ഈ തീയതിക്കുമുമ്പ് സർവ്വീസിൽ വരികയും ഇപ്പോഴും സർവ്വീസിൽ തുടരുകയും സ്റ്റെയിൽ ഓഫ് പേയിൽ ശമ്പളം വാങ്ങിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന 51 എ, 43 ക്ലെയിമന്റുകളെ പ്രസ്തുത ഉത്തരവ് എപ്രകാരം ബാധിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | (സി) | അവധി ഒഴിവിലെ നിയമനങ്ങൾ പാക്കേജിൽ ഉൾപ്പെട്ട അദ്ധ്യാപകർക്കായി മാറ്റി വയ്ക്കപ്പെട്ടതായതിനാൽ റൂൾ 51 അവകാശികൾക്കും പ്രസ്തുത ഉത്തരവുകൾ ബാധകമാണ്. എന്നാൽ റൂൾ 43 അവകാശികൾക്ക് റഗുലർ സ്കെയിലിൽ അംഗീകാരം ലഭിക്കുന്നതാണ്. |
| (ഡി) | നിലവിൽ തുടരുന്നവരുടെ വേക്കൻസിയുടെ കാലാവധി അവസാനിക്കുകയും തുടർന്ന് ലീവിന് അപേക്ഷിക്കുന്നവർക്ക് ആയത് നീട്ടികിട്ടുകയും ചെയ്യുന്ന അവസ്ഥയിൽ, ലീവ് വേക്കൻസിയിൽ തുടരുന്നവർക്ക് പുതിയ നിയമത്തിൽനിന്നും എക്സംപ്ഷൻ നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത നിയമം ഇവരെ എപ്രകാരം ബാധിക്കുമെന്ന് വിശദമാക്കുമോ; | (ഡി) യും (ഇ) യും | ഇക്കാര്യം പരിശോധിച്ചുവരുന്നു |
| (ഇ) | സ്റ്റെയിൽ ഓഫ് പേയിൽ തുടരുന്നവരെ പ്രസ്തുത ഉത്തരവിന്റെ പരിധിയിൽ നിന്നും ഒഴിവാക്കികൊണ്ട് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കാൻ തയ്യാറാകുമോ; അല്ലെങ്കിൽ ഇതുസംബന്ധിച്ച് വിശദീകരണകുറിപ്പ് ബന്ധപ്പെട്ടവർക്ക് നൽകാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ? | | |

സെക്ഷൻഓഫീസർ